**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.803 30.11.2018 -ലെ മറുപടിക്ക്**

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര കോളനികൾ അംബേദ്കർ ഗ്രാമവികസന പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 266 കോളനികളെ അംബേദ്കർ ഗ്രമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ആറന്മുള നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര കോളനികൾ സ്വയംപര്യാപ്ത ഗ്രാമപദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; | (ബി) | 1. ഇലന്തൂർ പട്ടികജാതി കോളനി<br>2. പുന്നക്കുന്ന് പട്ടികജാതി കോളനി |
| (സി) | ഇതിൽ ഏതെങ്കിലും കോളനികളിലെ പദ്ധതികൾ പരാതികളുടെയോ പിഴവുകളുടേയോ അടിസ്ഥാനത്തിൽ അന്വേഷണത്തിന് വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി എന്താണ്; | (സി) | ഇലന്തൂർ പട്ടികജാതി കോളനിയിൽ ഒരു കോടി രൂപയുടെ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ 1-ാം ഗഡു 25 ലക്ഷം രൂപ മുൻകൂറായി നിർവ്വഹണ ഏജൻസിയായ FIT യ്ക്ക് നൽകിയിട്ടുണ്ട്. കോളനിയിൽ ഏജൻസി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് അപാകതകളും ന്യൂനതകളും ഉള്ളതായി പ്രദേശികമായും വിജിലൻസ് മുമ്പാകെയും പരാതികൾ നിലവിലുണ്ട്. പുന്നക്കുന്ന് കോളനിയുടെ നിർവ്വഹണ ഏജൻസിയായ FIT-യ്ക്ക് രണ്ട് ഗഡുക്കളായി 65 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്കായി വീടുകളിൽ പഠനമുറി നിർമ്മിക്കുന്ന പദ്ധതിയിൽ ആറന്മുള നിയോജക മണ്ഡലത്തിൽ എത്ര വീടുകളിൽ പഠനമുറി നിർമ്മിച്ചുവെന്ന് വിശദമാക്കുമോ? | (ഡി) | പട്ടികജാതി വിഭാഗങ്ങളിലെ കുട്ടികൾക്കായി 121 വീടുകളിൽ പഠനമുറി നിർമ്മിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇത്തരം പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ